LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുവണ്ടി വികസന കോർപ്പറേഷനിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിൽ കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടുകയും ആയതിൻപ്രകാരം സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുള്ളതുമാണ്.

## പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

214 (581) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയുമോ ;

(ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്ര കോടിയാണെന്നും പറയുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്നതും ഈ സർക്കാർ ലാഭത്തിലേക്ക് കൊണ്ടുവന്നതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ പ്രവർത്തനം നിലച്ചുപോയതും നഷ്ടംമൂലം അടച്ചുപൂട്ടിയതും കൈമാറ്റം ചെയ്യപ്പെട്ടതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ സിഡ്കോയുടെ കീഴിൽ ആധുനിക സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.

(ബി-ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.